നമ്പർ. സി3/2898/റ്റിസി/2012

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് , കേരളം ,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ].
തീയ്യതി, 11.04.2012

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയിൽ ഓൾ കേരള ബസ് ഒപ്പറേറ്റേഴ്സ് ഫോറം എന്ന സംഘടനയെ ഉൾപ്പെടുത്തുന്നത് — സംബന്ധിച്ച്.

സൂചന :- 1. ഈ ഓഫീസിൽ നിന്നുള്ള 22.03.2012-ലെ സി3/906/റ്റി.സി/2012 നമ്പർ കത്ത്.
2. സർക്കാരിന്റെ 03.04.2012-ലെ 1743/ബി1/2012/ഗതാഗതം നമ്പർ കത്ത്.

സൂചന രണ്ടിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ജില്ലാതല സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം വിളിച്ചു ചേർക്കണമെന്നും വിദ്യാർത്ഥികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളിൽ ഉചിതമായ തീരുമാനമെടുക്കണമെന്നും പ്രസ്തുത കത്തിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ജില്ലാതല സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവിൽ സൂചന ഒന്ന് പ്രകാരം സർക്കാർ ചെറിയ ഒരു ഭേദഗതി വരുത്തിയിരിക്കുകയാണ്. അതായത് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രൈവറ്റ് ഒപ്പറേറ്റേഴ്സ് പ്രതിനിധികൾ ആകെ 4 എണ്ണം എന്നതിൽ മാറ്റംവരുത്താതെ ആൾ കേരള ബസ്സ് ഓപ്പറേറ്റേഴ്സ് ഫാറം എന്ന സംഘടനയുടെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തി സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി പുനസംഘടിക്കണമെന്നാണ് സർക്കാർ എല്ലാ ജില്ലകളിലേയും കളക്ടർമാർക്ക് നിർദ്ദേശം

നൽകിയിട്ടുള്ളത്. (പകർപ്പ് ഇ-മെയിൽ ചെയ്യുന്നു). ആയതിനാൽ മേൽ പറഞ്ഞ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട ജില്ലാതല സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി പുനസംഘടിപ്പിക്കേണ്ടതും അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് പ്രസ്തുത കമ്മിറ്റിയുടെ യോഗം വിളിച്ച് ചേർത്ത് വിദ്യാർത്ഥികളുടെ വിവിധ പ്രശ്നങ്ങളിൽ അടിയന്തിര തീരുമാനമെടുക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

17/4/2012

സീനിയർ സൂപ്രണ്ട്

12/4

എം.എൻ.

7748/2012

C3

കേരള സർക്കാർ

TRANSPORT COMMISSIONER
KERALA
RECEIVED ON
09 APR 2012
TC Addl Secy DTC AO FO LO

നം. 1743/ബി1/2012/ഗതാഗതം

9/4/12

ഗതാഗത (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി, 3.4.2012

സെക്രട്ടറി

ജില്ലാ കളക്ടർ,
തിരുവനന്തപുരം/കൊല്ലം/ പത്തനംതിട്ട/ ആലപ്പുഴ/ കോട്ടയം/ എറണാകുളം/ ഇടുക്കി/ തൃശ്ശൂർ/ പാലക്കാട് /മലപ്പുറം/ കോഴിക്കോട്/വയനാട്/ കണ്ണൂർ/ കാസർഗോഡ്

സർ,

വിഷയം - ഗതാഗത വകുപ്പ് - സ്റ്റുഡൻറ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയിൽ ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഫോറം എന്ന സംഘടനയെ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന - 1. സ.ഉ.(സാധാ)നം.851/90/പി.ഡബ്ല്യൂ&റ്റി തീയതി 1.6.1990.
2. സ.ഉ.(സാധാ)നം.427/2000/ഗതാ തീയതി 23.10.2000.
3.ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഫോറം പ്രസിഡന്റ് ശ്രീ.ടി.ജെ.രാജു ബഹു. ഗതാഗത വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം

****

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ഒന്നിലെ ഉത്തരവ് പ്രകാരം രൂപീകൃതമായ സ്റ്റുഡൻറ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയിൽ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷനിലെ മൂന്ന് അംഗങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രസ്തുത സംഘടന രണ്ടായി പിരിഞ്ഞ് ആൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഓർഗ്ഗനൈസേഷൻ നിലവിൽ വന്നതിനെ തുടർന്ന് ഈ സംഘടനകളിലെ രണ്ട് അംഗങ്ങളെ വീതം ഉൾപ്പെടുത്തികൊണ്ട് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്പോൾ ആൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഓർഗ്ഗനൈസേഷന്റെ ഒരു വിഭാഗവും മറ്റു ചില സംഘടനകളും കൂടി ചേർന്ന് രൂപീകൃതമായ ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഫോറം എന്ന സംഘടനയെ സ്റ്റുഡൻറ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സൂചന (3) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയുണ്ടായി.

മേൽ നിവേദനം സർക്കാർ പരിശോധിക്കുകയുണ്ടായി. പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് പ്രതിനിധികൾ മൊത്തം 4 എണ്ണം എന്നത് അധികരിക്കാതെ ആൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഫോറം പ്രതിനിധിയെക്കൂടി സ്റ്റുഡൻറ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയിൽ ഉൾപ്പെടുത്തുവാനും ഇപ്രകാരം സ്റ്റുഡൻറ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനും ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,
സി.ശോഭകുമാരി,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

പകർപ്പ് - ഗതാഗത കമ്മീഷണർ, തിരുവനന്തപുരം (അറിവിലേയ്ക്കായി)
ശ്രീ. ടി.എസ്.രാജു, പ്രസിഡന്റ്, ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഫോറം, ബിൽഡിംഗ് നം 29/781 ബി, സഹകരണ റോഡ് ബൈപാസ്, വൈറ്റില ജംഗ്ഷൻ, കൊച്ചി 682 019 (അറിവിലേയ്ക്കായി)